(ഡി) മൂക്കുന്നിമലയിൽ ഖനനം നടക്കുന്ന സ്ഥലങ്ങളിൽ ജനവാസം കുറവാണ്. വ്യവസ്ഥകൾക്കു വിധേയമായിട്ടാണ് ഖനനാനുമതി നൽകിയിട്ടുള്ളത്. എയർഫോഴ്സ് സ്റ്റേഷന്റെ പ്രവർത്തനത്തിൽ ഏതെങ്കിലും തടസ്സമുണ്ടായതായി പരാതികളൊന്നും ലഭിച്ചിട്ടില്ല.

ഡയമണ്ട് പ്രോജക്ട്

18 [3457] *ശ്രീ. ലൂഡി ലൂയിസ്:*
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, വി. ജെ. പൗലോസ്:
,, വർക്കല കഹാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഡയമണ്ട് പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണം ആരംഭിച്ച് കഴിഞ്ഞോ; ഇതെന്നത്തേക്ക് പൂർത്തിയാക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വ്യാപകമായി നിർമ്മിക്കാനുദ്ദേശിക്കുന്ന കംപ്യൂട്ടർ ശൃംഖലയുടെ ആദ്യഘട്ടമാണ് സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ അഥവ 'ഡയമണ്ട് പ്രോജക്ട്.'

നാല് ഘട്ടങ്ങളായാണ് സംസ്ഥാന വ്യാപകമായി ഈ ശൃംഖല നിർമ്മിക്കാനുദ്ദേശിച്ചിരിക്കുന്നത്.

1. കംപ്യൂട്ടർ ബാക്ക് ബോൺ ശൃംഖല (State Information Infrastructure)
2. ജില്ലാതല കംപ്യൂട്ടർ ശൃംഖല (District Level Network)
3. ബ്ലോക്ക് കംപ്യൂട്ടർ ശൃംഖല (Block Level Network)
4. പഞ്ചായത്ത് കംപ്യൂട്ടർ ശൃംഖല (Last mile Network)

ഇതിൽ ഡയമണ്ട് പ്രോജക്ട് എന്ന് വിശേഷിപ്പിക്കുന്നത് കംപ്യൂട്ടർ ബാക്ക് ബോൺ ശൃംഖലയെയാണ്. തിരുവനന്തപുരം മുതൽ കോഴിക്കോടു വരെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യമാണ് ഇതിനായി ഉപയോഗിക്കുന്നത്. പ്രസ്തുത സംവിധാനത്തിലേക്ക്, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കിൻഫ്രാ പാർക്ക് (കാക്കാഞ്ചേരി) എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്റർ (എൻ. ഒ. സി.) വഴി സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളേയും മറ്റു സ്ഥാപനങ്ങളേയും ബന്ധിപ്പിക്കുവാൻ കഴിയുന്നതും അത് വഴി ഇ-ഗവേണൻസ് പരിപാടി വേഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുവാനും സാധിക്കുന്നതാണ്. സർക്കാർ അധീനതയിലുള്ള റോഡുകളിൽ കൂടി കേബിൾ ഇടുന്നതിനുപകരം റിയലൻസ്, ഭാരതി, ഏഷ്യാനെറ്റ് എന്നീ കമ്പനികളിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ബാൻഡ് വിഡ്ത്താണ് കമ്പ്യൂട്ടർ ശൃംഖലയ്ക്കായി ഉപയോഗിച്ചിരുന്നത്.

ഇതു കൂടാതെ തിരുവനന്തപുരത്ത് നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്ററിനോട് (എൻ. ഒ. സി.) അനുബന്ധിച്ച് അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ഡാറ്റാ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കമ്പ്യൂട്ടർ സർവർകളും മറ്റു ഉപകരണങ്ങളും ഈ സെന്ററിൽ അത്യാധുനിക സെക്യൂരിറ്റി സംവിധാനത്തോടുകൂടി മുടക്കം കൂടാതെ 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാൻ തക്ക രീതിയിലാണ് ഡാറ്റാ സെന്റർ രൂപകല്പന ചെയ്തിരിക്കുന്നത്.

ആദ്യ ഘട്ടത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് അഞ്ച് ആഫീസുകളും (ഗവ. സെക്രട്ടേറിയറ്റ്, വികാസ് ഭവൻ, പബ്ളിക്ക് ആഫീസ്, പരീക്ഷാ ഭവൻ, ഹൗസിംഗ് ബോർഡ്) കൊച്ചിയിലെ അഡ്വക്കേറ്റ് ജനറൽ ആഫീസും മേൽപ്പറഞ്ഞ ശൃംഖലയോട് ബന്ധിപ്പിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടമായി ജില്ലാ തലസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന ജോലി പുരോഗമിച്ചുവരികയാണ്.

(ബി) ഡയമണ്ട് പ്രോജക്ടിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ഈ സംവിധാനം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ഉതകുംവിധം കമ്പ്യൂട്ടർ സർവറുകൾ മാറ്റി സ്ഥാപിക്കുക (Shifting to the centre), സോഫ്റ്റ്വെയറുകൾ മാറ്റം വരുത്തുക (modify the software) മുതലായ പ്രക്രിയകൾ നടന്നു വരികയാണ്. താമസംവിനാ ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.

ബോക്സൈറ്റ് ഖനനംമൂലം മരണമടഞ്ഞവരുടെ കുടുംബത്തിന് ധനസഹായം

19 [3458] *ശ്രീ. എ. സുജനപാൽ:*
,, എൻ. ഡി. അപ്പച്ചൻ:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. എൻ. കെ. പോൾസൺ മാസ്റ്റർ:
,, ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് അനധികൃതമായി ബോക്സൈറ്റ് ഖനനം ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ എവിടെ നിന്നെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ പോരുവഴി, ശാസ്താകുളം, ഗിരിപുരം കുന്നുകളിൽ നിന്ന് ബോക്സൈറ്റ് അനധികൃതമായി ഖനനം ചെയ്യുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly